

# തേൻമൊഴി

## എസ്.എസ്.ജി.എച്ച്.എസ്.എസ്

## പുറനാട്ടുകര

## 2023-26

# പത്രാധിപ സമിതി

കാർത്തിക ബിനു (ചീഫ് എഡിറ്റർ)

ലക്ഷ്മി.എസ്.നായർ

ഗൗരി നന്ദന.എസ്

പാർവതി.എം.എസ്

കരോളിൻ

അയന.ടി.എം

# ആമുഖം

വിദ്യാഭ്യാസമെന്നത് ബുദ്ധിയേയും കർമശക്തിയും വളർത്തുക എന്ന് മാത്രമല്ല വിവക്ഷിക്കുന്നത്, മനുഷ്യന്റെ അന്തഃസത്തയെ വികസിപ്പിക്കുകയും ശുദ്ധമാക്കുകയും ചെയ്യുക. ചിന്തിക്കാനും ആധുനിക ജീവിതത്തിന്റെ സങ്കീർണത ഏറ്റെടുക്കാനും കഴിവുള്ളവരാക്കുക ഇതിനെല്ലാം സാഹിത്യ പഠനവും ചരിത്ര പഠനവും കൂടിയേ തീരൂ. എന്നാൽ ഈ ആധുനിക യുഗത്തിൽ സാഹിത്യപഠനവും വായനയും കമ്പ്യൂട്ടറുകൾക്കും സെൽഫോണുകൾക്കും മുന്നിൽ അടിയറവ് പറഞ്ഞിരിക്കുകയാണ്.

വായനയും സാഹിത്യ പഠനവും സംരക്ഷിക്കാൻ ഇ വായനയെ പ്രോത്സാഹിപ്പിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ലിറ്റിൽ കൈറ്റ്സ് മാഗസിൻ എന്ന സംരംഭത്തിന് കുറച്ചൊക്കെ കഴിഞ്ഞിട്ടുണ്ട്. ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധതിയുടെ ഭാഗമായി ശ്രീ ശാരദാ ഹയർ സെക്കൻഡറി സ്കൂളിലെ അഞ്ചാമത്തെ ഡിജിറ്റൽ മാഗസിൻ ആണ് “തേന്മൊഴി”.

# സന്ദേശം

ശാസ്ത്ര സാങ്കേതിക വിദ്യകളുടെ വിശാല ലോകത്തിലേക്കുള്ള മാനവ ജാതിയുടെ കുതിപ്പിന് ആക്കം കൂട്ടിക്കൊണ്ടിരിക്കുകയാണ് വിവര സാങ്കേതികവിദ്യ. ശ്രീ ശാരദ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ വിവരസാങ്കേതിക വിജ്ഞാന തല്പരരായ ലിറ്റിൽ അംഗങ്ങൾ പ്രസിദ്ധീകരിക്കുന്ന മാഗസിന് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു. നമുക്കു മുന്നിൽ പ്രകടമായി നിൽക്കുന്ന നമ്മൾ കൂടി ഉൾക്കൊള്ളുന്ന ഈ മനോഹര പ്രപഞ്ചം എവിടെനിന്നു വന്നു? എവിടെ സ്ഥിതി ചെയ്യുന്നു? നാം കണ്ടുകൊണ്ടിരിക്കുന്ന സർവ്വതും എവിടെപ്പോയി മറഞ്ഞു കൊണ്ടിരിക്കുന്നു? അതിപുരാതനകാലത്ത് ഉണ്ടായ ഈ ചോദ്യത്തിന് നമ്മുടെ പൂർവികർ ഉത്തരം കണ്ടെത്തുകയും അതിനെ അടിസ്ഥാനമാക്കി കൊണ്ടുള്ള ഒരു ജീവിതരീതിയിലൂടെ ഭാരത സംസ്കാരം രൂപം കൊള്ളുകയും ചെയ്തു. നമ്മുടെ സംസ്കാരത്തെ ഉജ്ജ്വലമാക്കാനും ദൃഢീകരിക്കാനും നാം ഓരോരുത്തരും ആ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ശ്രമിക്കേണ്ടതുമാണ്. നിങ്ങളുടെ അറിവുകളുടെ ലോകം ആ ചിരപുരാതനവും എന്നാൽ ഓരോ മനുഷ്യനും സ്വയം ഉത്തരം കാണേണ്ടതുമായ ഈ സർവ്വജനീന ചോദ്യത്തിന് ഉത്തരം തേടാൻ സഹായകമാകട്ടെ എന്നാശംസിച്ചുകൊണ്ട്,

സ്നേഹപൂർവ്വം

സ്കൂൾ മാനേജർ

നിത്യാനന്ദപ്രാണ മാതാജി

# സന്ദേശം

നാം ജീവിക്കുന്ന ഈ ഡിജിറ്റൽ യുഗത്തിൽ വിദ്യാഭ്യാസ മേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരേണ്ടത് വളരെ ആവശ്യമാണ്. ആധുനിക സാങ്കേതികവിദ്യകളിൽ നൈപുണ്യവും വൈദഗ്ധ്യവും ഉള്ളവരെ കണ്ടെത്തി പരിപോഷിപ്പിക്കുന്ന ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി രൂപപ്പെടുത്തിയ "തേന്മൊഴി" എന്ന ഇമാഗസിൻ തികച്ചും വ്യത്യസ്തമാർന്ന ഒരു പഠന അനുഭവമായി തീരട്ടെ. അറിവിന്റെ പടികൾ കയറുന്ന ഈ കുട്ടികൾക്കും അവർക്ക് കൈത്താങ്ങായി അധ്യാപകർക്കും എല്ലാവിധ പ്രചോദനവും സ്നേഹവും....

ഭൗതികതയുടെയും സർഗാത്മകതയുടെയും സമന്വയമായ ഈ സംരംഭത്തിന് എല്ലാവിധ അഭിനന്ദനങ്ങളും ...' മൂല്യബോധവും കൂട്ടായ്മയും ഉയർന്ന ജീവിതവീക്ഷണവും ഉള്ള ഒരു പുതുതലമുറയായി തീരട്ടെ എന്നാശംസിച്ചുകൊണ്ട് സ്നേഹത്തോടെ....

സുമ എൻ കെ

പ്രധാനാധ്യാപിക

# മാറുന്ന ജീവിതം

തലയെടുപ്പോടെ നിവർന്നുനിൽപ്പൂ
ഒരോരോ ദിക്കിലും കെട്ടിടങ്ങൾ
കളിയില്ല മൈതാന ഭൂമിയില്ല
വിരൽത്തുമ്പിലെല്ലാം തളച്ചുവച്ചു.

കളിച്ചും ചിരിച്ചും നടക്കുവാനോ
പൈതങ്ങൾക്കൊട്ടും നേരമില്ല
കൂട്ടുകൂടാനുള്ള കൂട്ടുകാരോ
നാലുചുവരുകൾക്കുള്ളിലാണേ.

കാര്യവും കഥയും പറഞ്ഞീടുവാൻ
മുത്തശ്ശിമാരൊന്നും വീട്ടിലില്ല
ജോലിത്തിരക്കുമായ് ഓടിക്കിതയ്ക്കുമ്പോൾ
വിശേഷങ്ങളോതുവാൻ എവിടെനേരം

കാടില്ല മേടില്ല പുഴകളില്ല
കുളിർമതൻ  കാഴ്ചകൾ കാണ്മാനില്ല
ബന്ധങ്ങളില്ല അടുപ്പമില്ല
സ്വാർത്ഥരായ് മാറിയോ മാനുഷർ

ഗൗരി നന്ദന.എസ്



# കരിനിലാവ്

അഞ്ചാക്കി മടക്കിയ ആ കടലാസ് വലത്തെ ഉള്ളംകയ്യിൽ മുറുക്കിപ്പിടിച്ച്,കീഴിഞ്ഞുപോകുന്ന ഷിമ്മീസിന്റെ ഇടത്തെ കൈ ഉയർത്തിക്കൊണ്ട് കുട്ടി ഓടി. ഓട്ടം നിർത്തരുതെന്നും കടലാസ് തുറന്നുനോക്കരുതെന്നും അഥവാ തുറന്നാൽ അവളുടെ കുഞ്ഞിക്കണ്ണുകൾ അടിച്ചുപൊട്ടിക്കുമെന്നും അമ്മ പറഞ്ഞിരുന്ന മാത്രമല്ല,അയാളോട് ഒന്നും മിണ്ടരുതെന്നും അല്ലെങ്കിൽ മിണ്ടുന്നത് പോയിട്ട്, അയാളെ കാണുന്നതേ കുട്ടിക്ക് പേടിയാണ്. അയാളുടെ തടിച്ച മുഖത്ത് ഇടത്തെ കവിളിലുള്ള വസൂരിക്കലയിലൂടെ താഴേക്കിറങ്ങിയാൽ പാതാളത്തിലെത്താം എന്ന് കുട്ടിക്ക് തോന്നാറുണ്ട്. ഒരുക്കൽ വെറുമൊരു തമാശയ്ക്ക് അവൾ അങ്ങനെ പറഞ്ഞതിന് അവളുടെ ഒരു പിടി മുടി അമ്മ പറിച്ചെടുത്തു. അവൾക്കത് ഓർക്കുമ്പോഴൊക്കെ സങ്കടമാവും. അയാളുടെ കാര്യം വരുമ്പോൾ മാത്രം അമ്മ ആളാകെ മാറും.

ഇല്ലിമുള്ളുകൾ കുറെ അടർന്നുപോയ വേലിക്കിപ്പുറത്ത് കുട്ടി കിതച്ചുനിന്നു.അയാൾ, ആ ചെറിയ വീടിന്റെ ഉമ്മറവാതിൽ തുറന്നിട്ട് കിടന്നുറങ്ങുന്നുണ്ടായിരുന്ന ഇന്നാളൊരിക്കൽ മാളത്തിൽ ചത്തുകിടന്ന പെരുച്ചാഴിയെ അവൾക്കോർമ വന്നു. അഞ്ചുമടക്ക് കടലാസ് അയാളുടെ കയ്യിലേക്ക് എത്താൻ എന്ന പോലെ തുടിച്ചു. അത്,വസൂരിക്കുഴിയിലേക്ക് ഉന്നംവെച്ച് എറിയുംമുന്നേ, കുട്ടി കടലാസിന്റെ നാലുമടക്കുകൾ മൃദുവായി തുറന്നു. എന്നിട്ട് സാറ്റ് കളിക്കുമ്പോൾ എണ്ണുന്ന സമയത്ത് അരകണ്ണ് തുറന്ന്,ഒളിക്കാൻ ഓടുന്നവരെ നോക്കുന്നപോലെ ഉള്ളിലേക്ക് നേക്കി. നിലാവ്, ഇനിയും വയ്യ എന്നിങ്ങനെ ചില വാക്കുകളൊക്കെയേ അവൾക്ക് വായിക്കാൻ പറ്റിയുള്ളൂ. കുട്ടിയെ അത്രയൊക്കെയേ സ്കൂളിൽ പഠിപ്പിച്ചിട്ടുള്ളൂ.

അന്ന് രാത്രി അവളൊരു സ്വപ്നം കണ്ടു.

അമ്പിളിമാമ ഒരു കാരണവുമില്ലാതെ നിലവിളിക്കുകയാണ്. കുറുകുറുന്നനെ കണ്ണീര് അവളുടെ കുഞ്ഞിമുഖത്തേക്ക്... അപ്പോൾ അമ്മയുടെ ശബ്ദം. കുറുകുന്ന ശർക്കരപ്പാനിയുടെ മണവും കൊഴുപ്പുമുള്ള ശബ്ദം.

"എനിക്കിങ്ങനെ വയ്യ. നമ്മക്ക് പോവാം."

"അതത്ര എളുപ്പാണോ?"

ആ ഒച്ചയിൽ ഒരു വസൂരിക്കുരു പൊട്ടിയ പഴുപ്പ് മണമുണ്ടെന്ന് കുട്ടിക്ക് തോന്നി.

"എന്താ പറ്റായാ? അതാ ഇനിയ്ക്ക് അറിയാത്തത്."

ഒന്നോ രണ്ടോ മിനിറ്റുകൾ അമ്പിളിമാമന്റെ നിലവിളികൾ മാത്രം.

"എനിക്ക് ആവശ്യല്ലാത്ത ഏടാകൂടൊന്നും വലിച്ചുവയ്ക്കാൻ പറ്റ്ല്യ.ഓരോ പ്രാരാബ്ധങ്ങള്..."

ശർക്കരപ്പാനി കുറേശ്ശേ കരിയുന്ന മണ്ണം ആ സ്വപ്നത്തിലും അവൾ തിരിച്ചറിഞ്ഞു.

"അപ്പൊ...കാര്യം കഴിഞ്ഞാ കൂരായാണാന്ന് അല്ലേ?"

"കൂരായാണ്യോന്വല്ല. നിന്നെ മാത്രേ ഞാൻ പേറാൻ ഉദ്ദേശള്ളൂ."

അമ്പിളിമാമ നിലവിളിച്ചുകൊണ്ടേയിരുന്നു.

കൺമഷിക്കണ്ണീര് വീണ് കുട്ടിയുടെ ഷിമ്മീസ് കറുപ്പിൽ കുതിർന്നു.ഇടയ്ക്കെപ്പോഴോ അവളുടെ സ്വപ്നം ശ്വാസംമുട്ടിപ്പിടഞ്ഞു. അമ്മ സ്ഥിരം തേയ്ക്കാറുള്ള എണ്ണയുടെയും താളിയുടെയും പഴകിയ പഞ്ഞിയുടെയും മണമായിരുന്നു ആ ശ്വാസംമുട്ടലിന്ന്...

ഹൊ,വല്ലാത്തൊരു സ്വപ്നം തന്നെ,കുട്ടി കണ്ണുകൾ ഇറക്കിയടച്ചു.

(മായ കൃഷ്ണൻ)



# എന്റെ ഭാഷ

മലയാളമേ....മലയാളമേ....തരുമോ നിൻ തിരുമുറ്റത്തൊരു
ജന്മം കൂടി......തരുമോ ഒരായുസ്സുകൂടി.....
അമ്മയെന്ന രണ്ടക്ഷരം നാവിൽ
മുലപ്പാലിനൊപ്പം നുണഞ്ഞു
തുടങ്ങിയതാണെന്റെയീ
അക്ഷരലോകം........
ആദ്യാക്ഷരം കുറിച്ചുതന്ന അച്ഛനും
അക്ഷരമോതിയ ഗുരുവും പകർന്നതാണീ
അറിവിന്റെ മായാലോകം.......
അമ്പത്താറക്ഷരങ്ങൾ ചേർന്നു
പദവിസ്മയങ്ങൾ  തീർക്കും
അക്ഷരകളരിയാണെന്റെ മലയാളം.....
അതാണെന്റെ ഭാഷ
വെള്ളവും വായുവും അനിവാര്യമെങ്കിൽ
ഞാനെന്ന വ്യക്തിതൻ
അസ്തിത്വമാണെന്റെ മലയാളം
ലോകഭാഷകൾ ഏറെ പഠിച്ചാലും
മറക്കാനാകുമോ മധുരിമയൂറും
മാതൃഭാഷ
നീലക്കുറിഞ്ഞിയും നീർമാതളങ്ങളും
പൂക്കും നാട്ടിലെ, ഈ സ്വപ്നസുന്ദര
ഭൂമിയിലെ  ഭാഷയാണെന്റെ മലയാളം

എന്നെ ഞാനാക്കിയ

ചേതോവികാരമാണെന്റെ

മലയാളം........എന്നിൽ കുടികൊള്ളും

നിത്യചൈതന്യമാണെന്റെ ഭാഷ,

അതാണീ മലയാളഭാഷ,എന്റെ മലയാളഭാഷ

മലയാളമേ.......മലയാളമേ നിൻ

തിരുമുറ്റത്തൊരു ജന്മം കൂടി........തരുമോ

ഒരായുസ്സുകൂടി..........

സജിത്ത് പി.

(ലക്ഷ്മിയുടെ പിതാവ്)



# മഴയുടെ താളം

ഒരു കാലത്തിൻ ലഹരിയിൽ
പാഞ്ഞെത്തും മഴയെ നീ
സംഗീതത്തിൻ താളം തുള്ളാൻ
എത്തുന്നു കടൽ തൻ തിരകൾ
വാനിൽ കാർമേഘം നിറച്ച്
ഭീതി പരത്തും ശബ്ദമായ്
നീയെത്തും നേരം

ഹൃദയത്തിൻ തുടിപ്പുകൾ
അലകടലിൽ താളമായ്
പതിയെ ലയിച്ചു ചേരുന്നു
പ്രകൃതിയാം വേദിയിൽ
കുണുങ്ങിയും താണ്ഡവമാടിയും
ചുവടുകൾ വെയ്ക്കും നേരം
ജീവികൾ തൻ ജീവിതം
കാർമേഘത്തിൽ ഉഴറുന്നുവെന്ന്
അറിയുന്നില്ലെന്നോ നീ!!



കാർത്തിക ബിനു

# വിദ്യാലയം

അറിവിൻ ലോകം ,തുറന്നു തന്നു
ആദ്യാക്ഷരത്തിൻ മധു നുകർന്നു
നന്മ തൻ പാത തെളിച്ചു തന്നു
നേരായ ജീവിതം കാട്ടിതന്നു....

കൂട്ടരോടൊത്തു പഠിച്ചീടുവാൻ
ഭാവി തൻ വാഗ്ദാനമായീടുവാൻ
നല്ല മനുഷ്യനായ് തീർന്നീടുവാൻ
മാതൃകയായി വളർന്നീടുവാൻ....

അറിവിന്റെ ആഴിയിൽ നീന്തുവാനായ്
പ്രേരണയായി ജ്വലിച്ചിടാനായി
താങ്ങായ് തണലായ് തീർന്നിടാനായ്
ജ്ഞാനത്തിൻ ധാരയായ് പെയ്യുവാനായ്

കൂട്ടായി നിന്നുവെൻ വിദ്യാലയം
അക്ഷരലോകത്ത് പിച്ചവെച്ചീടുവാൻ
കൈകോർത്തുനിന്നുവെൻ വിദ്യാലയം
സ്നേഹത്താൽ നിർമ്മിച്ച കുഞ്ഞുസ്വർഗ്ഗം



ഗൗരി നന്ദന എസ്
9സി

# മഴ

തീരാതെപ്പൊയെൻ ഓർമ്മകൾ

എൻ കലങ്ങിയ മനസ്സിൽ കാർമേഘമായ്

ഒരു നാൾ അതു പൊട്ടിത്തെറിച്ചു

എൻ കണ്ണീർ മഴത്തുള്ളികളായി

അതിൻ ഈണം ഞാൻ കേട്ടു

കടലാകുന്നയെൻ മനസ്സിൽ നിന്ന്

അത് മഴത്തുള്ളികളായി പെയ്യ്തിറങ്ങി

ഇടയിൽ പേടിപ്പെടുത്തുന്ന ആ ശബ്ദത്തെ-

പ്പൊലും ഞാൻ സ്നേഹിച്ചു



ഇടിമിന്നൽപ്പോൽ എൻ ഓർമ്മകൾ

എന്നെ അലട്ടി ,ആ മഴ പേമാരിയായ്

പെയ്തു ,അതിനു മതിയാവോളം

അതു പെയ്തു

പെയതു കലങ്ങിയ മഴക്കുശേഷം

മേഘമെല്ലാം തെളിഞ്ഞു

ആ  പ്രകാശത്തിൽ ഞാനെന്നെ കണ്ടു

മൂടിക്കെട്ടിയ ഇരുട്ടിൽ നിന്നും

എൻെറ കണ്ണുകൾ തുറന്നു

-നവ്മിക യു.ആർ

9ഡി



# അമ്മയില്ലാത്ത ഒരു  കൊല്ലം

"പിന്നെവടെ?"

"മധുര ന്ന് പറയണ് സ്ഥലത്ത്..."

"ആ സ്ഥലം തൃശൂരാ?"

"അല്ലല്ലോ."

"കൊറേ കൊറേ ദൂരെയാ..."

"അപ്പോ...അമ്മക്ക് എന്നും പോയിവരാൻ...?"

പതിനൊന്ന് കണ്ണിൽ വെള്ളം നിറച്ചു.

"അതല്ലേ കഥ.അമ്മ ഒരു കൊല്ലം അവിടെപ്പോയി നിക്കും."

"അപ്പ ഞങ്ങള് അച്ഛന്റൊപ്പം...അച്ഛമ്മടെ ഒപ്പം.."

"പിന്നെ എടക്കൊക്കെ ഏട്ടൻ  വരൂലോ..."

ഇതാപ്പോ കഥ?(പലപ്പോഴും കഥയില്ലായ്മകളാണ് കഥയാവുകയെന്ന് കുട്ടികൾക്കാറിയില്ലല്ലോ)

ഒരു വലിയ ബാഗും ഒരു ചെറിയ ബാഗും തൂക്കി അമ്മയും മുന്നിൽ അച്ഛനും മുറ്റത്തിറങ്ങി. രാത്രിയിലെ തീവണ്ടിയിലാണ് പോകേണ്ടത്.

പതിനൊന്നും ആറും ഒന്നും മിണ്ടാതെ അമ്മയെ നോക്കി നിന്നു.പരീക്ഷയെഴുതാൻ പോകുന്ന വിദ്യാർത്ഥി,ആദ്യ ബെല്ല്

കേൾക്കുമ്പോൾ അവസാന ലാപ്പിൽ പുസ്തകം മറിക്കുമ്പോലെ അമ്മ പതിനൊന്നിനെ അടുത്തുവിളിച്ചു.

"മോള് കുഞ്ഞനെ കുളിപ്പിച്ചുകൊടുക്കണട്ടോ...തല നല്ലോണം തോർത്തിക്കൊടുക്കണം...അവളുമായിട്ട് അടി കൂടരുത്...നല്ലോണം നോക്കണം അവളെ..."

"അപ്പൊ...ന്നേ...ആരാ നോക്ക്വാ?"

(ആരാ ഈ കുട്ട്യോൾക്ക് ഇങ്ങനത്തെ ചോദ്യൊക്കെ പഠിപ്പിച്ചുകൊടുക്കുന്നത് ഈശ്വരാ...)

"അമ്മ പോട്ടെട്ട്യോ...ഞ്ഞീം നിന്നാൽ ട്രെയിൻ പോയാലോ..."

വെറുതെ,നിഷ്ഫലമായ ഓരോ ഉമ്മകൾ അവർ രണ്ടു കുട്ടികൾക്കും കൊടുത്തു.

തന്നെ കെട്ടിപ്പിടിച്ച് കണ്ണ് നിറച്ചുനിൽക്കുന്ന ചേച്ചിയോട്,

"അമ്മക്ക് ജോലി കിട്ടാൻ വേണ്ടീട്ടലേ...ഒരു കൊല്ലം കഴിയുമ്പോ അമ്മ പിന്നെ ങ്ങട്ടന്നെ വര്ല്ല്യ... ചേച്ചി കരയണ്ട...ഞാൻ ല്ല്യേ..."എന്ന് അനിയത്തി ആശ്വസിപ്പിക്കുന്നതും കേട്ട്,പുൽക്കൊടിയോളം ചെറുതായിപ്പോയ മൺപൊടിയോളം നിസ്സാരയായ അമ്മ തലതാഴ്ത്തി നടന്നു.

(മായ കൃഷ്ണൻ)






ആർട്ടിഫിഷ്യൽ ഇൻറ്റലിജൻസ്

മനുഷ്യ സഹായത്തോടെ  വിവിധ പ്രവർത്തനങ്ങൾ നിർവഹിക്കാൻ കഴിയുന്ന യന്ത്രങ്ങൾക്കുള്ള ബുദ്ധിയാണ് ആർട്ടിഫിഷ്യൽ ഇൻറ്റലിജൻസ്.
ആർട്ടിഫിഷ്യൽ ഇൻറ്റലിജൻസിന്റെ സഹായത്തോടെ മെഷീനുകൾക്ക് പഠിക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനും കാര്യങ്ങൾ ആസൂത്രണം ചെയ്യാനും ചിന്തിക്കാനും മറ്റും കഴിയും. ഈ  ആധുനിക യുഗത്തിലെ നമ്മുടെ ജീവിതം പ്രധാനമായും കമ്പ്യൂട്ടറുകളെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ കമ്പ്യൂട്ടറുകളെ ബുദ്ധിപരമാക്കേണ്ടത് വളരെ പ്രധാനമാണ്. വിഷ്വൽ പെർസ്പെഷൻ , സ്പീച്ച് റെക്കഗ്നിഷൻ , തീരുമാനമെടുക്കൽ തുടങ്ങിയ മനുഷ്യന്റെ  ബുദ്ധിയെയും ഇന്ദ്രിയങ്ങളെയും അനുകരിക്കുന്ന കമ്പ്യൂട്ടറുകളുടെ സിദ്ധാന്തവും വികാസവുമാണ് ആർട്ടിഫിഷ്യൽ ഇൻറ്റലിജൻസ്.

ആർട്ടിഫിഷ്യൽ ഇൻറ്റലിജൻസിന്റെ പിതാവ് എന്നറിയപ്പെടുന്ന ജോൺ മക്കാർത്തിയാണ്.

1956-ൽ ആർട്ടിഫിഷ്യൽ ഇൻറ്റലിജൻസ് എന്ന പദം ആദ്യമായി ഉപയോഗിച്ചത്.

## ആർട്ടിഫിഷ്യൽ ഇൻറ്റലിജൻസിന്റെ ഉപയോഗങ്ങൾ

* ആരോഗ്യമേഖല
* വിദ്യാഭ്യാസമേഖല
* വ്യാവസായിക മേഖല
* ഓട്ടോമൊബൈൽസ്



* സൈനിക മേഖല

* കാർഷിക മേഖല

## ആരോഗ്യമേഖല

ആരോഗ്യ മേഖലയിൽ ആർട്ടിഫിഷ്യൽ ഇൻറ്റലിജൻസ് വ്യാപകമായി ഉപയോഗിക്കുന്നു. ദ്രുതഗതിയിലുള്ള രോഗനിർണയം അനുവദിക്കുന്ന സാങ്കേതികവിദ്യകൾ വികസിപ്പിക്കാൻ കമ്പനികൾ ശ്രമിക്കുന്നു. മനുഷ്യന്റെ മേൽനോട്ടത്തിന്റെ ആവശ്യമില്ലാതെ രോഗികളിൽ പ്രവർത്തിക്കാൻ കഴിയും. സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിലുള്ള ശസ്ത്രക്രിയകൾ ഇപ്പോൾ നടത്തിവരുന്നു.

## വിദ്യാഭ്യാസമേഖല

വിദ്യാഭ്യാസമേഖലയിൽ, ആർട്ടിഫിഷ്യൽ ഇൻറ്റലിജൻസ് വളരെ ഫലപ്രദമാണ്. വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനുള്ള നൂതനമായ മാർഗ്ഗങ്ങൾ കൊണ്ടുവരാൻ ഇതിനു കഴിയും.

## കാർഷിക മേഖല

ചെടിയിലെ രോഗങ്ങൾ, കീടങ്ങൾ, മോശം സസ്യ പോഷണം എന്നിവ കണ്ടെത്തുന്നതിന് ആർട്ടിഫിഷ്യൽ ഇൻറ്റലിജൻസ് സഹായിക്കും.
കൂടാതെ കാലാവസ്ഥ, താപനില,ജല ഉപയോഗം,എന്നിവ വിശകലനം ചെയ്യാനും സാധിക്കും.

## ആർട്ടിഫിഷ്യൽ ഇൻറ്റലിജൻസിന്റെ ഗുണങ്ങൾ

ആർട്ടിഫിഷ്യൽ ഇൻറ്റലിജൻസ് നമ്മുടെ ദൈനംദിന ജീവിതത്തിന്റെ അവിഭാജ്യ ഘടകമായി മാറിയിരിക്കുന്നു. വിവിധ വ്യവസായങ്ങളിൽ വിപ്ലവം സൃഷ്ടിക്കുകയും ഉപയോക്തൃ അനുഭവങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

ചാറ്റ് ജി.പി.ട്ടി, ഗൂഗിൾ മാപ്പുകൾ, സ്മാർട്ട് അസിസ്റ്റന്റുകൾ, അലക്സ, സിരി

തുടങ്ങിയവ ആർട്ടിഫിഷ്യൽ ഇൻറ്റലിജൻസിന് ഉദാഹരണമാണ്.

ആർട്ടിഫിഷ്യൽ ഇൻറ്റലിജൻസ് മനുഷ്യരാശിയുടെ ചരിത്രത്തിൽ ഒരു വലിയ വിപ്ലവം കോണ്ടുവരും.
സാങ്കേതിക വിദ്യ പ്രയോജനകരമാക്കാൻ നമുക്ക് കഴിയുന്നിടത്തോളം,കൃത്രിമ ബുദ്ധി ഉപയോഗിച്ച് മനുഷ്യബുദ്ധി വർദ്ധിപ്പിക്കുന്നതിലൂടെ മനുഷ്യനാഗരികത വളരും.

കൃത്രിമ ബുദ്ധി മനുഷ്യന്റെ ജീവിതത്തിന്റെ ഒരു ഭാഗമായി മാറിയിരിക്കുന്നു.ഭാവിയിൽ ഇതിന് എന്തെല്ലാം മാറ്റങ്ങൾ സംഭവിക്കുമെന്ന് പ്രവചിക്കുക സാധ്യമില്ല. സന്തോഷവും സമാധാനവും നിറഞ്ഞ നല്ല ഒരു ഭാവി നമുക്ക് ഉണ്ടാകട്ടെ..............



അലേഖ്യ ഹരികൃഷ്ണൻ

9ബി



# സൗന്ദര്യ ദർശനം


എത്ര സുന്ദരം മനോജ്ഞമീ ഗ്രാമമെൻ
മനതാരിലെ പുസ്തകത്താളിലെന്നും
മായാതെ മറയാതെ നിൽക്കുമതു നൂനം
പാണന്റെ പാട്ടിലലിഞ്ഞു
മയങ്ങുന്നൊരെൻ ഗ്രാമത്തെ
കണ്ടുവോ നിങ്ങൾ
നിലാവൊളി പൊൻപ്രഭ
തൂകവേ, കാർമുകിൽ ഓള
ങ്ങളിൽ മുങ്ങി നിവരവേ
തീർത്ഥം പ്രസാദിച്ചു
നിന്നിതാ വിശ്വ പ്രകൃതിയും



യമുന.കെ.ബി

ആർഷയുടെ രക്ഷിതാവ്

# ഡയറിക്കുറിപ്പുകൾ



അവൾ തൻ വേദനകൾ

ആരോട്ടു പറയുവാൻ

ആ വേദനങ്ങൾ ആരു

കേൾക്കുവാൻ......

ഈ ഭൂലോകത്തിൽ അവൾ...
അവളുടേതെന്നു പറയുവാൻ
ആരുമില്ല.....
ആകാശത്തു തിളങ്ങി നിലക്കുന്ന
നക്ഷത്രങ്ങളെ സാക്ഷിയാക്കി;

അവൾ തൻ വേദനകളത്രയും

പുസ്തകത്തിൽ കുറിക്കാൻ തുടങ്ങി....

തന്റെ മലയാളക്ഷരങ്ങൾ അവൾ
അതിലേക്കു വാരിവിതറി.....
എല്ലാ നിലാവിലും,
ഒരോ രാത്രിയിലും,

അവളാൽ പേനയുടെ ചുംബനങ്ങൾ
പുസ്തകത്തിലെ ഒരോ ഏടുകളും
ഏറ്റുവാങ്ങി.....
കാലം പോകും തോറും

പേന ഏടിനേയും

അവൾ മലയാളത്തേയും പ്രണയിച്ചു.......

എന്നാൽ അവസാനം,

വിധിയുടെ വിളയാട്ടത്തിൽ;

കത്തിജ്വലിക്കുന്ന അഗ്നിയിൽ

ആ ഏടുകൾ പറന്നു വീണു.
അന്ന് ഇല്ലാതായത്,
പേനയുടെ പ്രണയം മാത്ര-
മായിരുന്നില്ല

അവളുടെ ഡയറിക്കുറിപ്പുകൾ
കൂടിയായിരുന്നു....



ആദിത്യ കൃഷ്ണ
പ്ലസ്ടു ഹുമാനിറ്റീസ്



# പ്രകൃതി

പ്രകൃതി എന്നും ഒരു കൃതി പോൽ
വന്നെൻ
ജീവശ്വാസത്തിന്
കൈത്താങ്ങായി നിന്നു
എന്നാലിന്നാ പ്രകൃതിയെ
ഇഞ്ചിഞ്ചായി കൊന്നിടുന്നു............

അവനി കൃഷ്ണ .എം.ആർ (7B)

# ചിത്രശലഭങ്ങളുടെ നൃത്തം

അതിലോലമായ ചിറകുകൾ
വർണാഭമായ കാഴ്ച
വായുവിൽ നൃത്തം
ചെയ്യുന്നു സൗമ്യമായ
സ്നേഹേത്തോടെ പൂവിൽ-
നിന്ന് പൂവിലേക്ക് , അവർ
പറക്കുമ്പോൾ സന്തോഷവും
സൗന്ദര്യവും വിതറി ആടി



അബിയ ബേബി

9സി





# യക്ഷിയായ ഫോൺ

പുതുതലമുറയുടെ ജീവിതത്തിലെ യക്ഷിയാണ് നീ

നാല് മതിൽ കെട്ടിനുള്ളിൽ പെട്ടുപോയി ഇപ്പോഴത്തെ തലമുറ

കള്ളിയങ്കാട്ട് നീലി,വട യക്ഷി,മലമ്പുഴ യക്ഷി

എന്നീ യക്ഷികൾ പണ്ടത്തെ തലമുറയ്ക്ക് പേടിസ്വപ്നം

എന്നാൽ പൊതുതലമുറയുടെ

മാതാപിതാക്കൾ നിന്നെയാണ് പേടിക്കുന്നത്.

ആൻട്രിയ വിൻസൺ 9എ

## കാറ്റ്

ഞാനൊരു വാടിയ പൂവായപ്പോൾ
തഴുകാൻ എത്തിയ കാറ്റാണെന്നമ്മ
ശൂന്യമായ കടലുപോലെ നിന്നപ്പോൾ
തഴുകാൻ എത്തിയ കാറ്റാണെന്നമ്മ
കാറ്റ് പോലെ തഴുകാൻ
അമ്മയോളം
ആരുണ്ടീ പാരിൽ

സാന്ദ്ര പി എസ്
9എ



## കയ്യടിച്ചു വരുന്ന മഴ

സ്കൂളിലേക്ക് കൂട്ടുപോകാനായി
എൻ കൂടെ വരുന്ന മഴ
ആകാശത്തിലെ മണിമുത്തുകൾ പോലെ
പെയ്തിറങ്ങുന്നു
മനസ്സിന് കുളിരേകുന്ന ഒരു മഴ
ചുട്ടുനീർ മനസ്സിലെ ആശ്വാസ നാളമായി
വരുന്ന മഴ

ലിൻസിയ സി എസ്

8എ



# കാലം മാറിമറിഞ്ഞാൽ

അന്ന് ഒരവധിക്കാലമായിരുന്നു.മഴ എന്തിനേയോ പേടിച്ച് കരയുന്നപോലെ.മഴ കണ്ട് പേടിച്ചിരിക്കുന്നവരുടെ ഹൃദയം മുറിവേൽപ്പിക്കാൻ മിന്നൽ ആകാശകവാടങ്ങൾ ചാടി കടന്ന് എത്തുന്ന പോലെ.ആ രാത്രി ചന്ദ്രുവിന് പേടിയുള്ളതായിരുന്നു.തന്റെ കൂട്ടിന് മോനെ എന്ന് വിളിച്ച് സ്നേഹിക്കാനും ലാളിക്കാനും ജീജമ്മ മാത്രമേ ഉണ്ടായിരുന്നുള്ളു.തന്റെ അച്ഛൻ രണ്ടു ദിവസമായി വീട്ടിൽ



എത്തിയിട്ടില്ല.അതിനാൽ നല്ല സമാധാനമായിരുന്നു വീട്ടിലുണ്ടായിരുന്നത്.ഇന്നെത്തും.രണ്ടു ദിവസം ഇടവിട്ട് വീട്ടൽ എത്തുന്ന അച്ഛന് ബോധം ഉണ്ടായിരിക്കുകയില്ല.മൂക്കറ്റം കുടിച്ച് കൂത്താടിയുമായിരിക്കും വരുന്നുണ്ടാവുക.എവിടെ നിന്നാണ് വരുന്നത്ത്  എന്ന് ആർക്കും അറിയില്ലായിരുന്നു.അയാൾ വീട്ടിൽ വരുന്നത് അവന് ഇഷ്ടമായിരുന്നില്ല.അച്ഛൻ വീട്ടിലെത്തുന്ന സമയമാകുമ്പോഴേക്കും അമ്മ അവനെ മുറിയിൽ പൂട്ടിയിടും എന്ത് സംഭവിച്ചാലും പുറത്തേക്ക് വരരുത് എന്ന് പറയും.അപ്പോൾ അവന് ചോദിക്കും "അമ്മയുടെ കാര്യമോ"? അത് കേട്ടാൽ അമ്മ തലയാട്ടി ഒന്നും മിണ്ടാതെ പോകും.പിന്നീട് കുറച്ചധികം നേരം അമ്മയുടെ അലർച്ചയും നിലവിളിയും മാത്രമാണ് അവന്റെ ചെവിയിൽ മുരളുന്നത്.നാട്ടുക്കാർക്കെല്ലാം അയാളെ പേടിയായിരുന്നു.

പിറ്റേദിവസം അപ്പുറത്തെ വീട്ടിലെ സുജാത ജീജയോട് ചോദിച്ചു.സുജാത: “എന്തിനാ ജീജ നീ ആ ദുഷ്ടന്റെ ഉപദ്രവമേറ്റ് നിൽക്കുന്നേ"?

ജീജ: "അയാള് എന്റെ ഭർത്താവ് അല്ലേ എന്നെ എന്ത് വേണമെങ്കിലും ചെയ്യാൻ അയ്യാൾക്ക് അവകാശം ഉണ്ടല്ലോ? പിന്നെ എന്റെ മകൻ എനിക്ക് കൂട്ടുണ്ടല്ലോ.അവൻ എന്നെ രക്ഷിക്കും.

കാലം കഴിഞ്ഞു.അച്ഛന്റെ വീട്ടിലേക്കുള്ള വരവ് പതിയെ നിന്നു.പിന്നീട് വീട്ടൽ സന്തോഷത്തിന്റെ നാളുകളായിരുന്നു.അമ്മ കൂലിപ്പണിക്ക് പോയി അവനെ വളർത്തി.നല്ല രീതിയിൽ പഠിച്ച് വളർന്ന അവൻ അറിയപ്പെടുന്ന ഡോക്ടറായി മാറി.താൻ താമസിച്ചിരുന്ന വീട്ടിൽ നിന്ന് മാറാൻ അമ്മക്ക് താല്പര്യം ഉണ്ടായിരുന്നില്ല.തന്റെ അമ്മയുടെ ആത്മാവ് താമസിക്കുന്ന വീടാണ് ആ വീട്.ആ വീട്ടിൽ നിന്ന് മാറാൻ ജീജക്ക് താല്പര്യം ഉണ്ടായിരുന്നില്ല.




ഒരു ദിവസം ചന്ദുവിന് വിദേശത്ത് നിന്നുള്ള ഒരു രോഗിയെ പരിശോധിക്കാൻ പോകേണ്ടി വന്നു.അമ്മയോട് യാത്ര പറഞ്ഞ അവൻ അറിഞ്ഞില്ല ആ യാത്ര പറയൽ അവന്റെ അമ്മയോടുള്ള അവസാനത്തെ യാത്ര പറയൽ ആയിരുന്നു എന്ന്.വിദേശത്തേക്കുള്ള ഫ്ലയിറ്റ് കയറുവാൻ നിൽക്കുന്നതിന് തൊട്ടു മുൻമ്പ് വീട്ടിലെ വേലക്കാരി പത്മ വിളിച്ചു പറഞ്ഞു തന്റെ അമ്മ ഹൃദയാഘാതം മൂലം മരിച്ചു വീണു എന്ന്.അവൻ വീട്ടിൽ എത്തുമ്പോഴേക്കും ആളുകൾ തിങ്ങി നിറഞ്ഞിരുന്നു.അമ്മക്ക് ഹൃദയവേദന വരാറുള്ള കാര്യം അവനറിയില്ലായിരുന്നു.പത്രങ്ങളിൽ സൈഡ് ന്യൂസായി ഇത് വന്നു. പ്രശസ്ത ഡോക്ടർ ചന്ദുവിന്റെ അമ്മ ജീജ മരിച്ച കാര്യം.അമ്മയുടെ വിട്ടുപിരിയലിനു ശേഷം ആ വീടും സ്ഥലവും വൃദ്ധസധനമാക്കി.

ഒരു ഏപ്രിൽ മാസം.ഉച്ച സമയം.സൂര്യൻ തന്നാൽ കഴിയുന്ന തരത്തിൽ ഭൂമിയെ തീയാക്കി മാറ്റാൻ ശ്രമിക്കുന്നു.

ഒരു വൃദ്ധൻ തല മുടിയും താടിയും നീട്ടി വളർത്തി മെലിഞ്ഞ് അവന്റെ വിസിറ്റിങ്ങ് റൂമിൽ എത്തി. ലിവർ സിറോസ്സിസ് എന്ന മാരക രോഗത്തിന്റെ പിടിയിലായിരുന്നു അയാൾ. അവർ രണ്ടുപേരും കുറച്ചുനേരം സംസാരിച്ചു. ആദ്യമൊന്നും അയാൾ തന്റെ പേര് വെളിപ്പെടുത്തിയിരുന്നില്ല. ചന്ദുവിന്റെ നിർബന്ധത്താൽ അയാൾ പേര് പറഞ്ഞു "രാജീവ് "ചന്ദു സ്തംഭിച്ച് കുറച്ചുനേരം അയാളെ നോക്കി നിന്നു. താൻ മരിച്ചു എന്ന് കരുതിയ തന്റെ അച്ഛൻ കള്ള് കുടിച്ചതിന്റെ പ്രതിഫലമായി ലിവർ സിറോസ്സിസ് ഏറ്റ് തന്റെ അടുത്ത് നിൽക്കുന്നു. "അച്ഛനോ....നിങ്ങൾ എന്റെ അച്ഛനോ " ചന്ദു മങ്ങിയ സ്വരത്തിൽ പറഞ്ഞു.തന്റെ തെറ്റ് ഏറ്റ് പറഞ്ഞ് അയാൾ മാപ്പപേക്ഷിച്ചു. കൂടാതെ അമ്മ മരിച്ചപ്പോൾ മോൻ കാണാതെ ജീജയെ കാണാൻ വന്നു എന്നും പറഞ്ഞ് കാല്ക്കൽ വീണു. തന്നെ എത്ര ഉപദ്രവിച്ചാലും അയാൾ അച്ഛനല്ലേ എന്നോർത്ത് അവൻ ക്ഷമിച്ചു. തന്റെ അമ്മ പഠിപ്പിച്ചു തന്നിട്ടുണ്ട് എത്ര തെറ്റ് ചെയ്താലും ആരായാലും ക്ഷമിക്കണം എന്ന്. പിന്നീട് കാലങ്ങളോളം ചന്ദുവും അച്ഛനും സന്തോഷത്തോടെ ജീവിച്ചു.

**ആരുഷി അജയ്**



## എന്റെ അമ്മ

എന്റെ സ്വന്തം അമ്മ
തണലായി നിൽക്കുമെന്നമ്മ
അറിവുകളും വായനകളും
പകർന്നുതരുമെന്നമ്മ
അമ്മ എനിക്ക്
ഇപ്പോഴും
എപ്പോഴും
ദൈവം തന്നെ



അനന്യ
6എ

## നീല ആകാശം

ആകാശം നീലയാണ്
വളരെ ശാന്തവും ശോഭയുള്ളതുമായ
ഒരു മനോഹരമായ കാഴ്ച
പ്രഭാത വെളിച്ചം
സൂര്യൻ ഉയരത്തിൽ ഉദിക്കുന്നു
ഒരു സ്വർണ്ണ തിളക്കം
ദിവസം വളരുമ്പോൾ
എല്ലാവർക്കും ജീവൻ നൽകുന്നു
ആകാശം എന്തൊരു സുന്ദരമാണ്.



ആര്യനന്ദ പി എം
9സി

# ആശ്വാസ മഴ

തീയായി ആളുന്ന കരണ്ടിയിൽ



ആശ്വാസത്തിൻ മുത്തുകൾ

പൊഴിയുമ്പോൾ

അതിൽ

മഴയിൽ

തുള്ളികൾ

ചുംബനം ചാർത്തുമ്പോൾ

മനസ്സിലെ വിഷമമായ ആകാശവും

അതിലെ കണ്ണീർ തുള്ളികളുമാണ്

മഴത്തുള്ളികൾ

ദേവീകൃഷ്ണ സി എസ്

8A



# മനസ്സിൽ കുളിരായി വന്ന മഴ

മനസ്സിനെ തഴുകി തലോടിയെത്തുന്ന
മഴയെ

നിന്നെ ഒരുപാട് സ്നേഹിക്കുന്നു ഞാൻ

നീ ചെയ്യുന്നു എന്ന് ഞാൻഅറിയാറേയില്ല

അത്രമാത്രം നിന്നിൽ അലിഞ്ഞിരിക്കുന്നു ഞാൻ

നീ പൊഴിക്കുന്ന ഓരോ മുത്തുവായ തുള്ളിയും

എന്റെ മനസ്സിലാണ് വീഴുന്നത്



അത്രമാത്രം ഞാൻ നിന്നെ

അറിയുന്നു.

നീ പൊഴിക്കുന്ന ഓരോ മുത്തുവായ

തുള്ളിയും

എന്നിലാണ് വീഴുന്നത്

അത്രമാത്രം നീ എൻ മനസ്സിലുണ്ട്
മഴയെ

നീയൊരപൂർവരാഗമാണ്

തീർത്ഥ സി എൻ

# ഹൃദയസ്പന്ദമായ അച്ഛൻ

അച്ഛൻ തൻ വിയർപ്പുതുള്ളികൾ

വീട്ടിൽ തണലായി ചൊരിയുമ്പോൾ

ഞങ്ങളുടെ പുഞ്ചിരി

അദ്ദേഹത്തിൻ കണ്ണിരിൽ നിന്നല്ലോ.

മിക്സിയിൽ കിടന്നരയുന്ന തേങ്ങയെ

പിഴിഞ്ഞെടുക്കുന്നതുപോലെ  എന്നച്ഛനെ ആരോ



പിഴിഞ്ഞെടുത്തിരിക്കുന്ന

മരണം വന്നു വിളിച്ചിട്ടും


പോകാതിരുന്നത്

ആ വിയർപ്പിൻ ആവശ്യം

വീടിനുണ്ടെന്ന് അറിഞ്ഞിട്ടാകാം

കീർത്തന വി കെ

# നമ്മുടെ സ്വന്തം അപ്പൂപ്പൻ



നമുക്കും ഉണ്ടായിരുന്നു
നമ്മുടെ ഇന്ത്യയെ
സ്വന്തമായ് കാത്തോരപ്പൂപ്പൻ

പല്ലില്ലയെങ്കിലും
ചുണ്ടിൽ നറുനിലാ-
പുഞ്ചിരിച്ചന്തമുണ്ടായിരുന്ന

ഇല്ലാത്തവന്റെ

ദുരിതങ്ങൾ തീർക്കുവാൻ

നല്ലതുപോലെ പരിശ്രമിച്ചു

ചോരചുവപ്പായ്

പടരുമ്പോഴും നാവിൽ

പടരുമ്പോഴും നാവിൽ

നേരിന്റെ മന്ത്രമുണ്ടായിരുന്നു

അനന്യ എം ജി

9d

# നിഴലുകൾക്കപ്പുറം

രാത്രിയുടെ മറവിൽ,നിഴലുകൾ നിലവിളികളുടെ
പ്രതിധ്വനികൾ കളിക്കുന്നു,അത് അസ്ഥിയെ തണുപ്പിക്കുന്നു,
പക്ഷേ ഭയപ്പെടരുത് ഇത് മനസ്സിന്റെ ഇരുണ്ട കോണുകളുടെ
പ്രദർശനമാണ്.അവിടെ സംശയങ്ങൾ വിതയ്ക്കപ്പെടുന്നു.

പ്രേതത്തിന്റെ ശബ്ദത്തിൽ ശവക്കല്ലറകൾ
മുഴങ്ങുന്നു,തരുപ്പിക്കുന്ന
ഹൃദയത്തിന്റെ
ചങ്ങലകൾ,എന്നാൽ
നിഴലുകൾക്കപ്പുറം
നോക്കു,ഭയപ്പെടുത്തുന്ന കാഴ്ച്ച
അതിരുകളില്ലാത്തതാണ്......
നിങ്ങളുടെ ആഴത്തിലുള്ള ഇരുണ്ട പരാജയത്തെ
നേരിടാൻ ധൈര്യം കണ്ടെത്തണം.....
എന്തെന്നാൽ,



പ്രഭാതത്തിന്റെ വെളിച്ചത്തിൽ ഭയം ഇല്ലാതാകുന്നു
ജ്ഞാനം പുലരുംബോൾ പുതിയ ദിനം പ്രത്യക്ഷപ്പടുന്നു
അത് ഇരുട്ടിന്റെ ശക്തിയെ തോൽപ്പിക്കുന്നു
ഇത് നിങ്ങളുടെ ആന്തരിക വെളിച്ചത്തിന്റെ ഒരു പരീക്ഷണം മാത്രമാണ്

# കാലാവസ്ഥ വ്യതിയാനവും മനുഷ്യനും

കാലാവസ്ഥ വ്യതിയാനത്തിന് കാരണങ്ങൾ നിരവധിയാണ് മനുഷ്യൻ്റെ പുരോഗതിയുടെ ഇന്ധനം



ഒരർത്ഥത്തിൽ ഫോസിൽ ഇന്ധനങ്ങൾ തന്നെ ആയിരുന്നു എന്നാൽ വിവിധതരം ആവശ്യങ്ങൾക്കായി മനുഷ്യർ ഫോസിൽ ഇന്ധനങ്ങൾ കൂടുതലായി ഉപയോഗിച്ചു തുടങ്ങിയതോടെ ഇവയിൽ നിന്നും പുറന്തള്ളപ്പെടുന്ന കാർബൺഡയോക്സൈഡ് വലിയ അളവിൽ ഭൂമിയുടെ അന്തരീക്ഷത്തിൽ എത്താൻ തുടങ്ങി അന്തരീക്ഷത്തിൽ അതിൻ്റെ സ്വാഭാവികമായ അളവിൽ നിന്നും വളരെ ഉയർന്ന അളവിലേക്കു കാർബൺഡയോക്സൈഡ് കുതിച്ചു കാർബൺഡയോക്സൈഡ് മാത്രമല്ല അപകടകാരി മനുഷ്യൻ്റെ പ്രവൃത്തികൾ കൊണ്ട് പുറംതള്ളപ്പെടുന്ന മീഥേൻ പോലുള്ള മറ്റു പല വാതകങ്ങളും അതിലേറ അപകടമുണ്ടാക്കുന്നുണ്ട് പക്ഷെ ഇപ്പോഴും അവയുടെ ആകെ തോത് താരതമ്യേന കുറഞ്ഞിരിക്കുന്നതിനാൽ ഏറ്റവും പ്രാധാന്യം കാർബൺഡയോക്സൈഡ് നു ലഭിച്ചു എന്ന് മാത്രം.അധികമായി അന്തരീക്ഷത്തിലേക്ക് എത്തുന്ന കാർബൺഡൈഓക്സൈഡും മറ്റു ഹരിതഗൃഹവാതകങ്ങളും ഹരിതഗൃഹ പ്രവാഹം വർദ്ധിപ്പിക്കുകയും ഭൂമിയെ കൂടുതൽ ചൂടുപിടിപ്പിക്കുകയും ചെയ്യുന്നു. ഇപ്പോൾ ഹരിതഗൃഹവാതകങ്ങൾ പുറംതള്ളുന്നത് നിലച്ചാലും ഇതുവരെ എത്തിച്ചേർന്ന വാതകങ്ങൾക്ക് ആനുപാതികമായ താപനില പൂർണ്ണമായും എത്തുന്നതുവരെ ഭൂമി കുറേക്കാലം ചൂട് പിടിച്ചു കൊണ്ടേയിരിക്കും. കാലാവസ്ഥാ വ്യതിയാനം നേരിടാൻ ഹരിതഗൃഹവാതകങ്ങൾ പുറംതള്ളൽ പൂർണ്ണമായും ഒഴിവാക്കു, സൗരോർജം പോലെയുള്ള പുനരുപയോഗിക്കാവുന്ന ഊർജ്ജ ഉറവിടങ്ങൾ ഉപയോഗിക്കുക തുടങ്ങിയ പരിഹാരങ്ങൾ നമ്മുടെ മുന്നിലുണ്ട്.

കേരളത്തിന്റെ കാലാവസ്ഥക്ക് വളരെ പ്രധാനപ്പെട്ട ഒന്നാണ് ഭൂപ്രകൃതി. മറ്റു സ്ഥലങ്ങളുമായി താരതമ്യപ്പെടുത്തിയാൽ വളരെ വൃഷ്ടിപ്രദേശമാണ് കേരളം. അടുത്ത കാലത്തായി പ്രളയങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിലും കേരളത്തിലെ ശരാശരി മഴയുടെ തോത് കുറഞ്ഞു വരുന്നതായി നിരവധി പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അശാസ്ത്രീയ ഭൂവിനിയോഗം മൂലം നീരൊഴുക്ക് തടസ്സപ്പെടുന്നതിന്റെ ഫലമായും ഉരുൾപൊട്ടലുകളുടെ എണ്ണവും ഈ അടുത്തായികൂടി വരുന്നതായി കാണാം. ഈ

അടുത്ത് വയനാട്ടിൽ നടന്ന മഹാ ദുരന്തം ഇതിന് ഉദാഹരമാണ്. കേരളത്തിൽ വലുതും ചെറുതുമായ എണ്ണയാൽ ഒടുങ്ങാത്ത ഒത്തിരി ഉരുൾപൊട്ടലുകൾ ദിവസേനനടക്കുന്നുണ്ട്. നമ്മൾ ഇതെല്ലാം അറിയാതെ പോകുന്നുണ്ടെന്നു മാത്രം.

ആഗോള താപനത്തിന്റെ പ്രത്യാഘാതങ്ങൾ സമുദ്രനിരപ്പ് ഉയരുന്നതിന് കാരണമാകുന്നു. ശരാശരി സമുദ്രനിരപ്പ് വർദ്ധിക്കുന്നത് തീരാദേശത്തെ തിരമാലകളുടെ ശക്തി കൂടാൻ ഇടയാക്കുന്നു. സമുദ്ര നിരപ്പ് ഉയരുന്നതോടെ കേരളത്തിന്റെ തീരപ്രദേശങ്ങളിൽ കടലാക്രമണങ്ങൾ വർദ്ധിപ്പിക്കുകയും കടൽ കൂടുതൽ കരയിലേക്ക് കയറി വെള്ളപ്പൊക്ക സാധ്യതകൾ വർദ്ധിക്കാൻ കാരണമാകുകയും ചെയ്യും. വർദ്ധിച്ചു വരുന്ന ചൂടും, കാലം തെറ്റിയ മഴയും എല്ലാം ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയെ സാരമായി ബാധിക്കും. കേരള തീരത്ത് മത്തി, അയല പോലെയുള്ള മത്സ്യങ്ങളുടെ ലഭ്യത സാരമായി കുറയുന്നത് ഇതിന്റെ പ്രത്യാഘാതമാണ്.

കാലാവസ്ഥ വ്യതിയാനം യഥാർത്ഥമാണെന്നും അത് ഒഴിവാക്കാൻ ഓരോ വ്യക്തിയും ബാധ്യസ്ഥനാണെന്നും ഉള്ള തിരിച്ചറിവാണ് പ്രധാനം. Prevention is better than cure. പ്രകൃതി ചൂഷണം പരമാവധി ഒഴിവാക്കി ദീർഘകാലമുള്ള മാനവരാശിയുടെ നിലനില്പിന് യോജിച്ച നയങ്ങൾ സ്വീകരിച്ച് മുന്നോട്ട് പോകുകയാണ്


വേണ്ടത്.

അഞ്ജിത.കെ.ആർ

9.എ



# പുലരി മഴ



വേനൽ ചേട്ടന്റെ

ദേഷ്യം കാണാൻ

ഓടി വരും

ഒരു പുലരി മഴ

കണ്ണും തള്ളി

വർണ്ണജാലത്താൽ

നോക്കി നോക്കി

കോപിക്കുന്ന സൂര്യനെ കണ്ട്
കൊഞ്ഞനം കാട്ടും

ഈ പുലരി മഴ

തന്റെ ശക്തിയായ മകനെ ഉണർത്താൻ തണുകനി

പരത്തുന്ന പുലരി മഴ

മഴയിലെ പുലരിയും പുലരിയിലെ മഴയും
എന്നും

പൂമഴതാൻ

ഗൗരിനന്ദ
8എ



# നിലാവും നിഴലും

നിലാവും നിഴലും  തമ്മിലൊരിക്കൽ
നലൊന്നന്തരമൊരു പന്തയം വെച്ചു
തന്റെ വെളിച്ചമാണ് നിനക്ക് ജീവൻ
നൽകുന്നതെന്നു നിലാവു വാദിച്ചു.
എന്നാൽ നിലാവില്ലെൻകിലും താൻ
ഉണ്ടാകുമെന്ന് നിഴലും വാദിച്ചു.
അങ്ങനെ നീണ്ടുനിന്ന വാദപ്രതിവാദങ്ങൾ
ആ രാത്രിയുടെ നിശബ്ദതയെ കൊലപ്പെടുത്തി.
അങ്ങകലെ ഇതിനെല്ലാം സാക്ഷിയായ ചന്ദ്രൻ
മുകമായി തിരികെ മടങ്ങാൻ തീർച്ചപ്പെടുത്തി.
അതിൽ പിന്നെ നിലാവിനു നിഴലിനെയും
നിഴലിനു നിലാവിനെയും നേരിൽ കാണാനായില്ല.
ചന്ദ്രനില്ലാത്ത രാത്രിക്കു ചന്തമില്ലെന്നു
ഇരുവരും പിന്നെയെങ്ങനെ തിരിച്ചറിഞ്ഞു.
ഇനിയുള്ള യാത്രകൾ നമുക്കൊന്നിച്ചു പോകാമെന്നുറപ്പു
നൽകിയവർ
പിന്നെയും ചന്ദ്രനെ തിരികെ വിളിച്ചു.
ആ രാത്രിയിലൊരിക്കൽ നിഴൽ നിലാവിനോടായി

ചോദിച്ചു.   "നമ്മുടെ പന്തയം ജയിച്ചതാര്?'
അതിനുള്ള മറുപടി പറയും മുംബെ
രാത്രിയുടെ യാമങ്ങൾ കഴിഞ്ഞിരുന്നു.
പിന്നയൊരുപകലിന്റെ ഇടവേള
കഴിഞ്ഞെത്തിയ നിലാവും നിഴലും തമ്മിൽ
പഴകിയ ആ പന്തയത്തിൽ കഥ പതിയെ
മറന്നിരുന്നു.അവർ പിന്നെയും ചിരിച്ചിരുന്നു.

ക്ലെയർ.ടി.ജെ

9ബി



# മാതൃസ്നേഹം

അമ്മ എന്ന രണ്ടക്ഷരമല്ലയോ
അമൃതിൻ പര്യായമായി നിൽപ്പൂ
നീ ചെരിഞ്ഞ സ്നേഹവർഷമല്ലയോ
എനിക്ക് കൊടുംവേനലിൽ ശാന്തിയേകിയത്
ഞാൻ വളർന്നീടാനായ് നീയല്ലോ
എനിക്ക് വളമായ്,ശുശ്രൂഷയായത്
എനിക്ക് വെളിച്ചമേകാൻ നീയല്ലോ
മെഴുകുതിരിയായ് ഉരുകിയത്
ഈ ജന്മം മുഴുവൻ നിന്നെ
സേവിച്ചാലും മതിവരുമോ നിൻ
സ്നേഹത്തിനു പകരമേകാൻ
ഞാനൊന്നു വീണാൽ
ഓടിയെത്തുമെന്നരികെ
വാരിയെടുത്തെനിക്കുമ്മ നൽകും
വേദനിച്ചോയെന്നു ചൊല്ലി
മാറോടു ചേർത്തണയ്ക്കും
ആശ്വാസമേകി താലോലിച്ചിടും
എന്റെ നല്ല അമ്മ
അങ്ങേക്കരയിലെ തോട്ടത്തിൽ
കുട്ടിയും കോലും കളിക്കുമ്പോഴും
കുളിയും ജപവും കഴിഞ്ഞ്
കൃത്യമായി ഉണ്ണാനെത്തീടാൻ
ഓർമ്മപ്പെടുത്തും അമ്മ
സ്നേഹത്തിൻ പര്യായമാണെൻ
എന്റെ പൊന്നമ്മ



ജൂണ റോസ്
9 .ബി

# ലഹരിയുടെ ദോഷം

ആയിഷ എന്നു പറഞ്ഞ ഒരു കുട്ടി പുതിയ ഒരു സ്കൂളിലെക്ക് പോവുകയാണ്. സ്കൂളിൽ ചെന്ന് കുറച്ചു ദിവസം കഴിയുമ്പഴെയ്ക്കും ആയിഷക്ക് പുതിയ കൂട്ടുകാരികളെ കിട്ടി. പുതിയ സ്കൂളിലെ മുഴുവൻ സമയവും വരുന്നതും പോവുന്നതും ഒരുമിച്ചായി. കൂട്ടുകാരികൾക്ക് പോവുന്ന സമയത്ത് മിഠായി വാങ്ങാൻ പോവാറുണ്ട്. ആയിഷ പോവാറില്ല. ഒരു ദിവസം ആയിഷ കൂടെ പോയി കൂട്ടുകാർ കടയിൽ പോവാതെ അവിടെ നിന്നിരുന്ന വണ്ടിയുടെ അരുകിൽ പോയി. ആയിഷ ചോദിച്ചു "ഇവരുടെ കൈയിൽ നിന്നാണോ മിഠായിവാങ്ങുന്നത് ?" "അതെ"അവർപറഞ്ഞു. അയിഷ പറഞ്ഞു "ഇവരുടെ കയ്യിൽ നിന്ന് മിഠായി വാങ്ങുന്നത് നല്ലതല്ല". കൂട്ടുകാർ "ഓ പിന്നെ അങ്ങനെയൊന്നുമില്ല". കൂട്ടുകാർ "നിനക്ക് വേണമെങ്കിൽ വന്നാൽ മതി". ആയിഷ "ഞാൻ വരുന്നില്ല". ആയിഷ വീട്ടിൽ പോയി. 10 വർഷങ്ങൾക്ക് ശേഷം ആയിഷ നല്ലനിലയിൽ ജീവിക്കുകയാണ്. എന്നാൽ അവളുടെ കൂട്ടുകാരികൾ വീട്ടിൽ നിന്ന് പുറത്താക്കപ്പെട്ട് ലഹരിക്കടിമയായി കഷ്ടപ്പെടുകയാണ്.

ദിയ സി എസ്
9ഡി



# ബാല്യകാലസ്മരണ

വീട്ടിലെ കുഞ്ഞുമക്കളെ കണ്ടു ഞാൻ
വർണ്ണാഭമാം ബാല്യകാലം സ്മരിച്ചു ഞാൻ
കുഞ്ഞിളം പൈതലിൽ തൻ കാതുകൾ
കേട്ടിരുന്നു ഞാനോതിയ വാക്കുകൾ

അമ്മ തൻ കൈവിരൽത്തുമ്പുപിടിച്ചന്ന്
പള്ളിക്കൂടത്തിൽ പോയകാലം........
സൗഹൃദമാം പുഷ്പമതുകൊണ്ട്
പൂങ്കാവനം തീർത്തൊരാകാലം.....



മാങ്കൊമ്പിൽ ഊഞ്ഞാലു കെട്ടിയും
പാടവരമ്പിൽ രസിച്ചുനടന്നും
ഓടിയും വീണും ശകാരമതുകേട്ടും
കളിച്ചു നടന്നൊരാപോയകാലം

അന്ന് കരങ്ങളിൽ മണ്ണും പൊടിയും
ഇന്നോ പകരം ഫോണും ടാബും.....
അന്ന് കൺമുന്നിൽ പ്രകൃതിതൻ ഭംഗി
ഇന്നോ പകരം സ്ക്രീനും ഗെയിമും...

ഓർത്താനന്ദിക്കുന്നു
ഇന്നു ഞാൻ..........
പങ്കുവെച്ചീടുന്നു
ഇന്നു ഞാൻ.........
ബാല്യകാലത്തിൻ
മധുര സ്മരണ......

ഗൗരി നന്ദന 9സി

# എന്റെ അമ്മ

എന്റെ സ്വന്തം അമ്മ
തണലായി നിൽക്കുമെന്നമ്മ
അറിവുകളും വായനകളും
പകർന്നുതരുമെന്നമ്മ
അമ്മ എനിക്ക്
ഇപ്പോഴും
എപ്പോഴും
ദൈവം തന്നെ

അനന്യ
6എ



# ബാല്യ കാലം

ഓർക്കുന്നു ഞാനെന്റെ

ബാല്യ കാലം......

കുഞ്ഞുകൂട്ടരോടൊത്തു കളിച്ചകാലം

മണ്ണപ്പം ചുട്ടും കളിപ്പന്തുരുട്ടിയും

ആർത്തുരസിച്ചൊരു ബാല്യ കാലം

നെൽക്കതിർ നുള്ളിയും ഞാറുനട്ടും

കുഞ്ഞു കർഷകരായൊരു ബാല്യ കാലം

ഒരു വട്ടം കൂടി ഞാൻ ആ ബാല വേളയിലേക്ക്

പോകുന്നതോർത്ത് പോയി....

ഒരു നേരം ചാരുകസേരയിലിരുന്ന് ഞാൻ

ആ ബാല്യകാലത്തെ ഓർത്തുപോയി.....



തീർത്ഥ 9 എ

# ആത്മാവിൽ അഗ്നി

ആഞ്ഞടിക്കുന്ന കൊടുങ്കാറ്റാണ് ഞാൻ,
വിട്ടുവീഴ്ചയില്ലാത്ത,
അനിയന്ത്രിതമായ,ശക്തമായ,
ഉള്ളിൽ ജ്വലിക്കുന്ന അഗ്നിയാണ് ഞാൻ,
മിന്നിമറയുന്ന,എന്നാൽ ഒരിക്കലും
അണയാത്ത ഒരു തീജ്വാല

ഞാൻ മുകളിൽ ഉരുന്ന പോരാളിയാണ്
മുറിപ്പെടുത്തുന്ന പാട്ടുകൾ,
സ്നേഹിക്കുന്ന മുറിവുകൾ,
രാത്രി മുഴുവൻ പ്രതിധ്വനിക്കുന്ന
ശബ്ദമാണ് ഞാൻ
നീതിക്ക് വേണ്ടിയുള്ള നിലവിളി,ഒരു വെളിച്ചം.

മെരുങ്ങാൻ വിസമ്മതിക്കുന്ന
ആത്മാവിൽ ഞാൻ,
കുതിച്ചുയരുന്ന ആത്മാവ്,
ക്ഷമാപണവും ലജ്ജയും കൂടാതെ,
ഒരു പോരാളിയുടെ അഭിമാനത്താൽ
മിടിക്കുന്ന ഹൃദയമാണ് ഞാൻ,
പൊട്ടാത്ത,കുനിഞ്ഞിരിക്കാത്ത ഭയമില്ലാത്ത.

ഞാൻ എഴുന്നേൽക്കും,ഞാൻ ഗർജ്ജിക്കും,
ഞാൻ എന്റെ നിലയുറപ്പിക്കും
എന്റേതായതിന് വേണ്ടി ഞാൻ
പോരാടും,ഓരോ ശ്വാസവും എന്റെ കയ്യിൽ വെച്ച്,
ഞാൻ നിശ്ബദമാകില്ല,ഞാൻ തളരില്ല,ഞാൻ
തകർക്കപ്പെടാത്തതാണ്,ഞാൻ പോരാട്ടത്തിന്
മുകളിൽ ഉയരും.

കാർത്തിക ബിനു
9 ബി



# കുറുക്കനും മുയലും

കുറുക്കന് മുയലിൽ ഭയങ്കര വിശ്വാസമായിരുന്നു. കള്ളം പറയുന്നത് കുറുക്കന് ഇഷ്ടമായിരുന്നില്ല. അപ്പോഴും മുയൽ കുറുക്കനോട് ആ രഹസ്യം പറഞ്ഞിരുന്നില്ല. ഒരു ദിവസം കുറുക്കൻ മുയലിനോട് പറഞ്ഞു അക്കരയിൽ കുറേ അധികം കാരറ്റുകൾ ഉണ്ട്. നമുക്ക് അവിടെ പോയി അതിങ്ങോട്ട് കൊണ്ടു വരാം. മുയലിന് കാരറ്റുകൾ എന്നുവെച്ചാൽ വളരെ ഇഷ്ടമായിരുന്നു. അതിനാൽ മുയൽ പോകാമെന്ന് സമ്മതിച്ചു. നമുക്ക് നാളെ രാവിലെ ആറു മണിക്കു പുറപ്പെടാം. മുയലത് സമ്മതിച്ചു. മുയൽ വളരെ തിടുക്കത്തിലായിരുന്നു. അതിനാൽ ഒരു പോള കണ്ണടക്കാൻ പോലും മുയലിന് സാധിച്ചിട്ടില്ല. പിറ്റേ ദിവസം പറഞ്ഞ സമയത്ത് രണ്ടു പേരും പുഴക്കരയിലെത്തി. എന്നാൽ എങ്ങനെയാണ് അക്കരയെത്തുമെന്നായിരുന്നു അവരുടെ സംശയം. കുറുക്കൻ ചുറ്റും നോക്കി, അപ്പോൾ അവിടെ ഒരു കുഞ്ഞു വള്ളം കണ്ടു. വള്ളത്തെ ചൂണ്ടി കാണിച്ചുകൊണ്ട് കുറുക്കൻ പറഞ്ഞു നമുക്ക് അതിൽ പോകാം. മുയൽ ചിരിച്ചുകൊണ്ട് തലയാട്ടി. ഇരുവരും വള്ളത്തിൽ കയറി യാത്ര തിരിച്ചു. അക്കരയെത്തിയപ്പോൾ അവർ ആ കാഴ്ച കണ്ട് സ്തംഭിച്ചു പോയി. അത്ര മാത്രം കാരറ്റുകൾ, മുയൽ സന്തോഷത്തോടെ ഓടി ചെന്ന് ഓരോ കാരറ്റുകളായി ആർത്തിയോടെ ഭക്ഷിക്കാൻ തുടങ്ങി. അതു കണ്ട കുറുക്കന് ദേഷ്യം വന്നു. തൊട്ടപ്പുറത്തുണ്ടായിരുന്ന നായ്ക്കൾ ഓടിവെരുന്നത് അവർ കണ്ടു. കുറുക്കൻ ഓടി വള്ളത്തിൽ കയറി തുഴയാൻ തിടങ്ങി. മുയൽ അവിടെ നിന്നു പറഞ്ഞു "എടാ ചതിയാ, ആരെങ്കിലും രക്ഷിക്കണേ...." കുറുക്കൻ പറഞ്ഞു"നീയാണെടാ ചതിയൻ. നീ എന്നോട് കള്ളം പറഞ്ഞു. എനിക്ക് വിഷമം ഉണ്ട്, ഇത്രയും നാൾ നിന്നെയാണല്ലോ ഞാൻ വിശ്വസിച്ചതെന്ന്. ഇപ്പോൾ അതിന്റെ രണ്ടിരട്ടി സന്തോഷമാണ് എന്തെന്നാൽ ഇപ്പോഴേങ്കിലും ഞാൻ സത്യം മനസ്സിലാക്കിയല്ലോ." അങ്ങനെ ആ മുയലിന്റെ കാര്യം നായ്ക്കൾ  തീർത്തു. കുറുക്കൻ പിന്നെയും സുഖമായി ജീവിച്ചു പോയി.



ഉണരുക,
എഴുന്നേൽക്കുക
ലക്ഷ്യം നേടുന്നതുവരെ
പ്രയത്നിക്കുക

# നന്ദി